പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 10, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**28 (*211) യുവജനങ്ങൾക്കിടയിലെ മദ്യപാനവും പുകയില ഉപയോഗവും തടയാൻ നടപടി**

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, കേരളത്തിലെ യുവജനങ്ങൾക്കിടയിലെ മദ്യപാനവും പുകയില ഉപയോഗവും തടയുവാനായി പഞ്ചായത്ത് യൂത്ത് സെന്ററുകൾ, യുവജന ആർട്സ് & സ്പോർട്സ് ക്ലബുകൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന ബോധവത്കരണ പഠന ക്ലാസ്സുകളും സെമിനാറുകളും നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ടെന്നും പുകയില വിരുദ്ധ ദിനമായ മെയ് 31-നും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ ജൂൺ 26-നും യുവജനക്ഷേമ ബോർഡ് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാറുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാർത്ഥികളുടെയിടയിൽ മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഉപയോഗം തടയുന്നതിന് വിദ്യാലയങ്ങളിൽ കൗൺസലിംഗ്

ശക്തിപ്പെടുത്തുന്നതും നിയമനിർമ്മാണം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതുമാണ്. യുവജനങ്ങളെ നവസമൂഹമായി വാർത്തെടുക്കുന്നതിന് പുതിയ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ചും യുവജന സംഘടനകളുമായി ചർച്ചചെയ്ത് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിച്ചുവരികയാണെന്ന് മന്ത്രി അറിയിച്ചു. വിദ്യാലയ പരിസരങ്ങളിൽ പാൻമസാല പോലുള്ള മയക്കുമരുന്നുകളുടെ വില്പന പൂർണ്ണമായും നിരോധിക്കുന്നതിന് അദ്ധ്യാപകരുടെയും പി.ടി.എ.-യുടെയും സഹകരണം ആവശ്യപ്പെട്ടുകൊണ്ട് എല്ലാ ഹെഡ്മാസ്റ്റർമാർക്കും കത്തുകളയച്ചിട്ടുണ്ടെന്നും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ കോഴിക്കോട് ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയ ഒ.ആർ.സി. (Our Responsibility to Children) പ്രോഗ്രാം മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതാണെന്നും മയക്കുമരുന്ന് വില്പനയുടെ ഉറവിടം കണ്ടെത്തി ഉത്തരവാദികളായവരുടെ പേരിൽ നിയമ നടപടി സ്വീകരിക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

### 29 (*212) <u>അരിവാൾ കോശരോഗം</u>

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, അരിവാൾ കോശ രോഗംമൂലം അവശത അനുഭവിക്കുന്ന ആദിവാസികൾക്കായി പ്രത്യേക സംരക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ആരോഗ്യ കേരളം പദ്ധതിപ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പ് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ വയനാട് ജില്ലയിലും അട്ടപ്പാടിയിലും സമഗ്ര അരിവാൾ കോശരോഗ പരിപാലന പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഈ പദ്ധതിയുടെ

ഭാഗമായി വയനാട്ടിലും അട്ടപ്പാടിയിലും അരിവാൾ കോശരോഗ നിർണ്ണയം, ചികിത്സ മുതലായവയിൽ പരിശീലനം നേടിയ ഡോക്ടർമാർ, ലാബ് ടെക്നീഷ്യൻമാർ, ആരോഗ്യപ്രവർത്തകർ എന്നിവരുടെ സേവനവും രോഗ പ്രതിരോധ മരുന്നുകളും എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ക്രീനിംഗിനായി സോലുബിലിറ്റി കിറ്റുകൾ, പൾസ് ഓക്സിമീറ്ററുകൾ എന്നിവ വിതരണം ചെയ്യുക, ഇലക്ട്രോഫോറുസിസ് സെന്ററുകൾ ആരംഭിക്കുക, സുൽത്താൻ ബത്തേരി, നല്ലൂർനാട്, അമ്പലവയൽ എന്നിവിടങ്ങളിൽ ബ്ലഡ് സെൽ കൗണ്ടർ തുറക്കുക, കോഴിക്കോട് മെഡിക്കൽ കോളേജിൽ HPLC/ PCR പരിശോധനാ സംവിധാനം ഏർപ്പെടുത്തുക, പ്രാഥമിക അരിവാൾ രോഗ ക്ലിനിക്ക് ആരംഭിക്കുക, പോഷകാഹാരം വിതരണം ചെയ്യുക, നല്ലൂർനാട് സാമൂഹ്യാ രോഗ്യകേന്ദ്രം, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി എന്നിവിട ങ്ങളിൽ പ്രത്യേക വാർഡുകൾ തുറക്കുക, ചിരാൽ, ചുള്ളിയോട്, വഴവറ്റ, നൂൽപ്പുഴ, വരദൂർ, മീനങ്ങാടി, അമ്പലവയൽ, പനമരം, മേപ്പാടി, മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി, ചെതലയം, അപ്പപാറ, കുറുക്കൻമൂല എന്നിവിടങ്ങളിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുക തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടമായി ഈ രോഗവുമായി ബന്ധപ്പെട്ട പഠനം നടത്തുന്ന വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുകയും ശാസ്ത്രീയമായ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലുള്ള പരിശീലന പരിപാടികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെയും അട്ടപ്പാടിയിലെയും മെഡിക്കൽ ഓഫീസർമാർ, ലാബ് ടെക്നീഷ്യൻമാർ മുതലായവർക്ക് വിവിധ ഘട്ടങ്ങളി

ലായി പരിശീലനവും ആരോഗ്യപ്രവർത്തകർക്ക് സോലുബിലിറ്റി ടെസ്റ്റിനുള്ള കിറ്റും നൽകുന്നുണ്ട്. ആരോഗ്യ പ്രവർത്തകർ അവരുടെ പരിധിയിൽ വരുന്ന കോളനികളിൽ സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തി കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നുണ്ട്. ഇലക്ട്രോഫോറുസിസ് ടെസ്റ്റ് നടത്തി രോഗികളായി കണ്ടെത്തുന്നവർക്ക് ചുവപ്പും ജീൻ വാഹകർക്ക് നീലയും കാർഡുകൾ നൽകുകയും രോഗികൾക്ക് ആവശ്യമായ ചികിത്സയും മരുന്നുകളും എല്ലാ ഹെൽത്ത് സെന്ററുകളിലും സൗജന്യമായി ലഭ്യമാക്കുന്ന തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അരിവാൾ കോശ രോഗികൾക്ക് അതിജീവനശേഷി നൽകുന്നതിനും വേദനയകറ്റു ന്നതിനും മരുന്ന് നൽകുന്നതോടൊപ്പം മറ്റു രോഗബാധകൾ തടയുന്നതിന് പ്രതിരോധ കുത്തിവയ്പുകളും നടത്തുന്നുണ്ട്. ആഗോള പ്രോട്ടോക്കോൾ അനുസരിച്ചുള്ള എല്ലാ മരുന്നുകളും വയനാട്ടിലെയും അട്ടപ്പാടിയിലെയും സാമൂഹ്യ/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ സൗജന്യമായി ലഭ്യമാക്കി യിട്ടുണ്ട്. അച്ഛനമ്മമാരിൽനിന്നും കുട്ടിക്ക് ലഭിക്കുന്ന 23 വീതം ക്രോമസോമു കളിൽ ഏതെങ്കിലും ഒന്നിലോ ഒരു ജോഡി ജീനുകളിലോ ഉള്ള പ്രശ്നങ്ങ ളാണ് ഈ പാരമ്പര്യ രോഗത്തിന് കാരണം. ഈ രോഗത്തിന് പ്രതിരോധ മരുന്നുകൾ ലഭ്യമല്ലെന്നും ജനിതക ഗവേഷണങ്ങൾ നടന്നുവരുന്നുണ്ടെന്നും രോഗത്തിന്റെ തോത് കുറച്ചുകൊണ്ടുവരുന്നതിനായി ആരോഗ്യപ്രവർത്തകർ ജനിതക കൗൺസലിംഗും ബോധവത്കരണവും നടത്തുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ആയുർവേദം, ഹോമിയോ, യുനാനി തുടങ്ങിയ മേഖലകളിൽ ഈ രോഗത്തിന് മരുന്നുണ്ടോയെന്ന് പരിശോധിക്കുന്നതാണെന്നും ആദിവാസി മേഖലയിലെ സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സ നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ആറളം ട്രൈബൽ മൊബൈൽ

യൂണിറ്റിലെ ഡോക്ടറുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

### 30 (*213) <u>ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടിയിൽ, മൂവാറ്റുപുഴ ജലസേചന പദ്ധതിയേയും മലമ്പുഴ/കാഞ്ഞിര പുഴ/ചിറ്റൂർപ്പുഴ പദ്ധതികളുടെ എക്സ്റ്റൻഷൻ, റിനോവേഷൻ ആന്റ് മോഡണൈസേഷൻ പ്രവൃത്തികളേയും കാരാപ്പുഴ പദ്ധതിയേയും ആക്സില റേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റ് ലഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും 2009 വരെ മൂവാറ്റു പുഴ പദ്ധതിക്കായി 154.96 കോടി രൂപയുടെയും ചിറ്റൂർപുഴ പദ്ധതിക്ക് 34.37 കോടി രൂപയുടെയും മലമ്പുഴ പദ്ധതിക്ക് 11.08 കോടി രൂപയുടെയും കാഞ്ഞിരപ്പുഴ പദ്ധതിക്ക് 30 കോടി രൂപയുടെയും ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിക്കുകയും ചിറ്റൂർപുഴ, കാഞ്ഞിരപ്പുഴ, കാരാപ്പുഴ പദ്ധതികൾക്ക് യഥാക്രമം 5.85 കോടി രൂപ, 5.0695 കോടി രൂപ, 2.7188 കോടി രൂപ എന്ന നിരക്കിൽ കേന്ദ്രസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്രവിഹിതം നിലവിലുള്ള 75 ശതമാനത്തിൽ നിന്ന് 25 ശതമാനമാക്കി കുറച്ചതിനാൽ ഈ സ്കീമുമായി മുന്നോട്ട് പോകുന്നതുകൊണ്ട് പ്രയോജനമില്ലാത്തതിനാൽ കേന്ദ്ര സഹായം കൂടുതൽ ലഭിക്കുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. തവനൂർ ഇറിഗേഷൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കു ന്നതാണ്. 2012 ഓടുകൂടി മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പെരിയാർ വാലി ഇറിഗേഷൻ

പ്രോജക്ടിന്റെ റീവാമ്പിംഗ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പഴശ്ശി പദ്ധതിയുടെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈനർ ഇറിഗേഷൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനെക്കുറിച്ചും എൻ.സി.പി.സി. പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ മെയിന്റനൻസിനായി വകയിരുത്തിയിട്ടുള്ള തുക ഉപയോഗപ്പെടുത്തി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മീനച്ചിൽ റിവർ വാലി പദ്ധതിയെക്കുറിച്ച് വിദഗ്ദ്ധ സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**31 (*214) <u>പകർച്ചവ്യാധി തടയുന്നതിന് നടപടി</u>**

ആരോഗ്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് രോഗ പ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും രോഗം മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുന്നതിനാവശ്യമായ സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. രോഗ ലക്ഷണമുള്ളവർ വിദഗ്ദ്ധ ചികിത്സ നേടണമെന്ന് നിർദ്ദേശവും ദൃശ്യ/പത്രമാധ്യമങ്ങളിലൂടെയും ബിറ്റ് നോട്ടീസ് വിതരണത്തിലൂടെയും ജാഗ്രതാ നിർദ്ദേശങ്ങളും നൽകുന്നുണ്ട്. ആരോഗ്യ പ്രവർത്തകരുടേയും ജനപ്രതിനിധികളുടേയും പങ്കാളിത്തത്തോടെ സംസ്ഥാന/ജില്ലാ തലങ്ങളിൽ പരിസര ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, കൊതുകു-കൂത്താടി നശീകരണം, ഓട വൃത്തിയാക്കൽ എന്നിവ നടത്തി ആരോഗ്യ ബോധവത്കരണം നടത്തുന്നുണ്ട്. കുടിക്കാൻ തിളപ്പിച്ചാറിയ ജലം ഉപയോ

ഗിക്കാനും ആഹാരത്തിനു മുമ്പ് സോപ്പ് ഉപയോഗിച്ച് കൈ വൃത്തിയാക്കാനും സംസ്ഥാനത്തെ ഹോട്ടലുകൾ, ഹോസ്റ്റലുകൾ, മേള/ഉത്സവ സ്ഥലങ്ങൾ എന്നിവിടങ്ങളിലെ കുടിവെള്ള സ്രോതസ്സുകൾ ആഴ്ചയിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജല സ്രോതസ്സുകളുടെ മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും ഖര മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതും പകർച്ചവ്യാധികൾക്ക് അനുകൂല സാഹചര്യം ഉളവാക്കുന്നുണ്ടെന്നും ദീർഘകാലാടിസ്ഥാനത്തിലുള്ള മാലിന്യമുക്ത കേരളം പരിപാടിയിലൂടെയും ആരോഗ്യ ബോധവത്കരണ പരിപാടിയിലൂടെയും മാത്രമേ ഇതിനൊരു പരിഹാരം കാണാൻ കഴിയുകയുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ആദ്യഘട്ടമായി ആലപ്പുഴ ജില്ലയിൽ ആരംഭിച്ച പാക്കേജ് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2011 സെപ്റ്റംബർ മാസത്തിൽ എലിപ്പനിയും മരണങ്ങളും കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിലും എറണാകുളം, കോട്ടയം ജില്ലകളിൽ ഹെപ്പറ്റൈറ്റിസ്-എ-യും കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പകർച്ചവ്യാധി സംബന്ധിച്ച് കേന്ദ്രസംഘം നൽകിയ റിപ്പോർട്ട് പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നുവെന്നും മന്ത്രി അറിയിച്ചു. മരുന്നുകളുടെ അമിത വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

32 (*215) **ആദിവാസി കോളനികളിലെ കമ്മ്യൂണിറ്റി ഹെൽത്ത് കോംപ്ലക്സുകൾ**

ആരോഗ്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പട്ടിക വർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങളെ സഹായിക്കുക, വിവിധ സർക്കാർ വകുപ്പുകളുടെ ക്ഷേമപ്രവർത്തനങ്ങൾ പട്ടികവർഗ്ഗത്തിൽപ്പെടുന്ന ജനവിഭാഗ ങ്ങൾക്ക് എത്തിക്കുക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിലേയ്ക്കായി പ്രതിമാസം 2500 രൂപ വീതം ഓണറേറിയം നൽകി 1000 പട്ടികവർഗ്ഗ യുവതീ യുവാക്കളെ ഒരു വർഷ കാലാവധിയിലേയ്ക്ക് എസ്.ടി പ്രൊമോട്ടർമാരായി നിയമിച്ചുവരുന്നുണ്ടെന്നും ആദിവാസി കോളനികളിൽ കമ്മ്യൂണിറ്റി ഹെൽത്ത് കോംപ്ലക്സുകൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. ചികിത്സയ്ക്കായി എത്തുന്ന പട്ടികവർഗ്ഗക്കാരെ സഹാ യിക്കുന്നതിനായി അതാത് കോളനിയിലെ എസ്.ടി പ്രൊമോട്ടർമാർ എത്താറു ണ്ടെങ്കിലും നിരവധി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ചുമതലയുള്ളതിനാൽ എല്ലായിടത്തും അവരുടെ സേവനം പൂർണ്ണമായും ലഭിക്കാത്ത സാഹച ര്യമാണുള്ളത്. വയനാട് ജില്ലയിൽ ടെലി മെഡിസിൻ, ടെലി എഡ്യൂക്കേഷൻ പ്രോജക്ട് എന്നിവ ആരംഭിക്കുന്ന കാര്യം C- DAC പരിഗണിച്ചുവരുന്നതായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്. വയനാട് ജില്ലാ ആരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ കുറവ് പരിഹരി ക്കുന്നതിനും പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1971 മുതൽ 2317 വരെയുള്ള ചോദ്യങ്ങളിൽ 201 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)